കേരള സർക്കാർ

LSGD

**ഉപജില്ലാ അദാലത്ത് സമിതി -1**

**<u>പത്തനംതിട്ട ജില്ല</u>**

23-07-2024, 11 am ന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ല അദാലത്ത് സമിതി 1 ന്റെ യോഗ മിനിറ്റ്സ്.

<u>പങ്കെടുത്തവർ</u>

1. **കെ.സി.സുരേഷ് കുമാർ (ഇന്റേണൽ വിജിലൻസ് ഓഫീസർ പത്തനംതിട്ട).**

2. **മിനി.എസ്** (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)
3. **മുഹമ്മദ് സിദ്ദിക്ക്.എം**( അസിസ്റ്റന്റ് ടൗൺ പ്ലാനർ)
4. **സാം. കെ. സലാം,** സെക്രട്ടറി കവിയൂർ ഗ്രാമപഞ്ചായത്ത്.

**<u>പരിഗണിച്ച വിഷയം</u>**- കെട്ടിട നമ്പർ അനുവദിച്ചുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. ഏലിയാമ്മ മാത്യു സമർപ്പിച്ച അപേക്ഷ അദാലത്ത് സമിതി പരിഗണിച്ചു.

**<u>അദാലത്ത് തീർപ്പ്</u>**

ശ്രീമതി. ഏലിയാമ്മ മാത്യു കൊച്ചുപറമ്പിൽ വീട് മുണ്ടിയപ്പള്ളി, കവിയൂർ എന്നയാൾ ബഹു.പത്തനംതിട്ട ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപേക്ഷ അദാലത്ത് പരിഗണിച്ചു. അപേക്ഷകയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ നിലവിൽ 2 കടമുറികൾ പ്രവർത്തിക്കുന്നെണ്ടെന്നും ഇതിനോടൊപ്പമുള്ള മൂന്നാമത്തെ കടമുറിക്ക് പഞ്ചായത്തിൽ നിന്നും പ്രത്യേക കെട്ടിട നമ്പർ നൽകണമെന്നുമാണ് അപേക്ഷയിൽ പറഞ്ഞിട്ടുള്ളത്.ഈ ആവശ്യം ഉന്നയിച്ച് കവയൂർ ഗ്രാമപഞ്ചായത്താഫീസിൽ അപേക്ഷ സമർപ്പിക്കാൻ ചെന്നെങ്കിലും അപേക്ഷ സ്വീകരിച്ചില്ലെന്നാണ് അപേക്ഷക അദാലത്തിൽ അറിയിച്ചത്.

കവിയൂർ ഗ്രാമപഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അദാലത്തിനെ അറിയിച്ചു. ആയതിനാൽ അപേക്ഷക ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ പഞ്ചായത്തിൽ ലഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ അപേക്ഷയിൻമേൽ കവിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്തിമതീർപ്പ് കൽപ്പിക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

കൺവീനർ
ഉപജില്ലാ അദാലത്ത് സമിതി-1
ഇന്റേണൽ വിജിലൻസ് ഓഫീസർ-1
തദ്ദേശസ്വയം ഭരണവകുപ്പ്
പത്തനംതിട്ട.

കോപ്പി- .1 സെക്രട്ടറി കവിയൂർ ഗ്രാമ പഞ്ചായത്ത്
2.ശ്രീമതി. ഏലിയാമ്മ മാത്യൂ